"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതശിശു വികസന വകുപ്പ്- 'വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധന സഹായ പദ്ധതി' പുന ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനിതശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.208/2024/WCDD തീയതി,തിരുവനന്തപുരം, 19-06-2024

പരാമർശം:-

1. സ.ഉ(സാധാ)നം. 4/2010/സാക്ഷേവ തീയതി 04/01/2010
2. സ.ഉ(സാധാ)നം.322/2014/സാ.നീ.വ തീയതി 08/05/2014
3. സ.ഉ(സാധാ)നം. 524/2015/സാനീവ തിയതി 18/08/2015.
4. വനിതശിശു വികസന ഡയറക്ടറുടെ 19.10.2023-ലെ DWCD/3150/2023-WEC2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വനിതകൾ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് അനുമതി നല്കി പരാമർശം (1), (2), (3) എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. BPL (മുൻഗണന) വിഭാഗത്തിൽപ്പെട്ട വിവാഹ മോചിതരായ സ്ത്രീകളുടെ കുട്ടികൾ, ഭർത്താവ് ഉപേക്ഷിച്ചുപോയ സ്ത്രീകളുടെ കുട്ടികൾ, ഭർത്താവിനെ കാണാതായി ഒരു വർഷം കഴിഞ്ഞ സ്ത്രീകളുടെ കുട്ടികൾ, ഭർത്താവിന് നട്ടെല്ലിന് ക്ഷതമേറ്റ്/പക്ഷാഘാതം കാരണം ജോലി ചെയ്യുവാനും കുടുംബം പുലർത്തുവാനും കഴിയാത്ത വിധം കിടപ്പിലായ കുടുംബങ്ങളിലെ കുട്ടികൾ, വിവാഹത്തിലൂടെയല്ലാതെ അമ്മമാരായ സ്ത്രീകളുടെ കുട്ടികൾ, എ.ആർ.ടി തെറാപ്പി ചികിൽസയ്ക്ക് വിധേയരാകുന്ന HIV ബാധിതരായ വ്യക്തികളുടെ കുട്ടികൾ എന്നിവർക്കാണ് നിലവിൽ ടി ധനസഹായം നൽകി വരുന്നത്. പ്രീപ്രൈമറി ക്ലാസ്സ് മുതൽ പി.ജി വരെ സർക്കാർ/എയ്ഡഡ് സ്കൂൾ/കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്കാണ് ടി പദ്ധതി പ്രകാരമുള്ള വിദ്യാഭ്യാസ ധനസഹായം ലഭിക്കുന്നത്. 'വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം' എന്ന പദ്ധതിയുടെ പേര് ഭാവിയിൽ 'വിദ്യാധനം' എന്ന് നാമകരണം ചെയ്യുന്നതിനും സ്ത്രീയ്ക്ക് നിയമപരമായി ഭർത്താവുണ്ടെങ്കിലും, കുടുംബ

ചിലവുകൾ/ഉത്തരവാദിത്തങ്ങൾ എന്നിവ മുഴുവനായും വഹിക്കേണ്ടി വരുന്ന സ്ത്രീകളെക്കൂടി ടി പദ്ധതി ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയും, വിവാഹ മോചിതരായ വനിതകൾ, ഭർത്താവ് ഉപേക്ഷിച്ചുപോയ വനിതകൾ, ഭർത്താവിനെ കാണാതായി ഒരു വർഷം കഴിഞ്ഞ വനിതകൾ, ഭർത്താവിന് നട്ടെല്ലിന് ക്ഷതമേറ്റ്/പക്ഷാഘാതം കാരണം ജോലി ചെയ്യുവാനും കുടുംബം പുലർത്തുവാനും കഴിയാത്ത വിധം കിടപ്പിലായ കുടുംബങ്ങളിലെ വനിതകൾ, നിയമപരമായ വിവാഹത്തിലൂടെയല്ലാതെ അമ്മമാരായ വനിതകൾ, നിയമപരമായി ഭർത്താവുണ്ടെങ്കിലും, കുടുംബ ചെലവുകൾ/ഉത്തരവാദിത്തങ്ങൾ എന്നിവ മുഴുവനായും വഹിക്കേണ്ടി വരുന്ന വനിതകൾ എന്നിവരെ ടി പദ്ധതിയിൽ " A " കാറ്റഗറിയിൽ ഉൾപ്പെടുത്തിയും എ.ആർ.ടി തെറാപ്പി ചികിൽസയ്ക്ക് വിധേയരാകുന്ന HIV ബാധിതരായ വ്യക്തികളുടെ കുട്ടികളെ "B" കാറ്റഗറിയിലും ഉൾപ്പെടുത്തിയും മേൽ പദ്ധതി പുനഃക്രമീകരിച്ച് ഉത്തരവാകണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം' എന്ന പദ്ധതിയുടെ പേര് ഭാവിയിൽ 'വിദ്യാധനം' എന്ന് നാമകരണം ചെയ്തുകൊണ്ടും എ.ആർ.ടി തെറാപ്പി ചികിൽസയ്ക്ക് വിധേയരാകുന്ന HIV ബാധിതരായ വ്യക്തികളുടെ കുട്ടികളെ ടി പദ്ധതിയിൽ "B" കാറ്റഗറിയായി ഉൾപ്പെടുത്തികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ് തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 19-06-2024 13:36:48

സെക്ഷൻ ഓഫീസർ